# BOLD

## GHSS MEENANGADI

2023-24

*Digital Magazine*







# BOLD

## ഡിജിറ്റൽ  മാഗസിൻ 2023-24

## ഗവ:ഹയർ സെക്കണ്ടറി സകൂൾ മീനങ്ങാടി

ചീഫ് എഡിറ്റർ : ഷിവി കൃഷ്ണൻ

സ്റ്റാഫ് എഡിറ്റർ : അനിൽകുമാർ കെ

സ്റ്റുഡന്റ് എഡിറ്റർ : വൈഗ എ ആർ

സ്റ്റുഡന്റ് സബ് എഡിറ്റർ : അൽഹേന ഹാഷിക്ക് ട്ടി കെ

പ്രാദിപ സമിതി :
അനിൽ അഗസ്റ്റിൻ
മനോജ് സി
രജിത എം കെ
മിൻഹ കെ
ഹിലാറോസ് തോമസ്
പ്രിൻസ്ലി
വിഷ്ണുപ്രിയ
ബേസിൽ പോൾ
കാശിനാഥ്

# സന്ദേശം

ഹൃദയപൂർവ്വം...

ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്ത്വത്തിൽ പ്രസ്ദ്ധീകരിക്കുന്ന 'BOLD' ഡിജിറ്റൽ മാഗസിന് മനം നിറഞ്ഞ സ്നേഹാഭിവാദ്യം. അക്ഷരങ്ങളിലൂടെയുള്ള യാത്ര വെറും മനോവ്യാപാരം മാത്രമല്ല... നിറയുന്ന സ്നേഹവും, ആർദ്രതയും, സമർപ്പണവും പങ്കുവെക്കലുമെല്ലാമാണ്, വയനാടിന്റെ അഭിമാന വിദ്യാലയത്തിലെ അമൂല്യനക്ഷത്രങ്ങളായ എന്റെ പ്രിയക്കുട്ടികൾ കാലം ആവശ്യപ്പെടുന്ന 'BOLD' എന്ന നാമധേയത്തിൽ ആവിഷ്ക്കരിക്കുന്ന ഈ പതിപ്പ് വർത്തമാനകാല പ്രതിസന്തികളോടുള്ള ചെറുത്തുനില്പിന്റെ പ്രഖ്യാപനം കൂടിയാണ്. ഈ ഉദ്യമത്തിനു നാതൃത്ത്വം കൊടുക്കുന്ന എന്റെ സഹപ്രവർത്തകർക്കും ശില്പികൾക്കും നിറയെ സ്നേഹം ചൊരിയുന്നു.

ഒരുപാടിഷ്ടത്തോടെ നേരുന്ന ആശംസകൾ..



ഷിവി കൃഷ്ണൻ

(പ്രിൻസിപ്പാൾ)

# ആശംസ

ലോകം ഹൈടെക് യുഗത്തിലൂടെ കടന്നുപോകുമ്പോൾ വിദ്യാഭ്യാസരംഗവും ആധുനീകവൽക്കരിക്കപ്പെടുന്നു.

സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ നമ്മുടെ അകത്തളങ്ങളെ മാറ്റിമറക്കുന്നു. പഠനപ്രവർത്തനങ്ങളുടെ പതിവു രീതികൾ പുതിയ കാലത്തിൻെറ രൂപമാറ്റങ്ങൾക്ക് വിധേയമാകുന്നു. എഴുത്തും വായനയും ഡിജിറ്റലൈസ് ചെയ്യപ്പെടുമ്പോൾ നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ്' BOLD' എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുകയാണ്. വിദ്യാർത്ഥികളുടെ വായനാനുഭവങ്ങൾക്ക് പുതുഭാവം പകർന്നുനൽകാൻ ഇതിനു കഴിയുമെന്ന് പ്രത്യാശിക്കുന്നു. ഇതിൻെറ അണിയറ ശിൽപ്പികൾക്കും ഈ ഉദ്യമത്തിനും എല്ലാ ഭാവുകങ്ങളും നേരുന്നു.



ജോയ്. വി. സ്കറിയ
പ്രധാനധ്യാപകൻ

# ഉള്ളടക്കം


1. മുഖമൊഴി.........6
2. സന്ദേശം.........7
3. സന്ദേശം.........8
4.കുട്ടിഭൂപടം വരച്ചപ്പോൾ......... 9
5. ഓർമയിലെ കണ്ണുനീർ.........10
6. ദുഃഖം.........13
7. EXODUS OF LOVE.........14
8. കുഞ്ഞുബാല്യത്തിന്റെ നോവലുകൾ.........15
9. Pathummayude Aadu.........17
10. ആസ്വാദനക്കുറിപ്പ്.........19
11. ഓർമ്മയുടെ വർണങ്ങൾ.........20
12. Increase in attrocities against women and children in India .....22
13. വഴിയോര ഓർമ.........25
14. നവ മാധ്യമങ്ങളുടെ സ്വാധീനം വിദ്യാർത്ഥികളിൽ.........26
15. മാധുര്യമീവഴിയോരം.........29
16. സർവ്വം സഹയായ അമ്മ .........31
17. The Unknown one .........33
18. കാർമേഘം.........34
19. അയ്യേ സാറിപ്പോഴും.........35

# മുഖമൊഴി

**സാങ്കേതിക മികവിൽ അക്ഷരങ്ങൾ ചാലിച്ച് ഭാവനയുടെ**
**വിദൂരസാധ്യതകൾ തീർത്തവർ.**
**കഥകൾ, കവിതകൾ, ലേഖനങ്ങൾ എന്നിങ്ങനെ സർഗ്ഗ**
**ചേതനയുടെ അനന്ത സൃഷ്ടികൾ വാക്കുകളിൽ എഴുതപ്പെട്ടവർ.**
**കാലത്തിനൊപ്പം, കാലത്തിനപ്പുറം പുതിയ സർഗ്ഗാത്മക**
**ചിന്തകൾ**
**പണിതവർ.**
**കുട്ടികൾ തീർത്ത ബോൾഡ് ഡിജിറ്റൽ മാഗസിൻ**
**യാഥാർത്ഥ്യമാകുമ്പോൾ വാക്കുകളുടെ ആവനാഴിയിൽ**
**സന്തോഷത്തിന്റെ അലയടി.**
**"ഇ "വസന്തം പൂത്തുലയട്ടെ .**
**പിന്നണി പ്രവർത്തകർക്ക് എല്ലാ നൻമകളും ആശംസകളും .**



**അനിൽ കുമാർ കെ**
**സ്റ്റാഫ് എഡിറ്റർ**

# സന്ദേശം

ലിറ്റിൽ  കൈറ്റ്സിന്റെ  നേതൃത്വത്തിൽ മീനങ്ങാടി
ഗവ: ഹയർ സെക്കണ്ടറി സ്കൂളിന്റെ 'ബോൾഡ്' ഡിജിറ്റൽ
മാഗസിൻ പ്രകാശിതമാവുകയാണ്. ഭാവനയുടെ
ലോകത്തെ പുതിയ സാങ്കേതിക വിദ്യയിലൂടെ
അവതരിപ്പിച്ച പ്രിയ കുട്ടികൾക്ക് ഭാവുകങ്ങൾ
ആശംസകൾ.......



ഹാജിസ് എസ്
പി.ടി.എ പ്രസിഡണ്ട്
ജി.എച്ച്.എസ്.എസ് മീനങ്ങാടി

# സന്ദേശം

മീനങ്ങാടി ഗവ: ഹയർ സെക്കണ്ടറിസ്കൂൾ ഡിജിറ്റൽ
മാഗസിൻ " BOLD" പ്രകാശിതമാകുമ്പോൾ നിറഞ്ഞ
അഭിമാനം . മാറുന്ന
ലോകത്ത്' ഇ ' അക്ഷരങ്ങൾ കൊണ്ട് സമ്പന്നമായ
മാഗസിൻ ..
സാങ്കേതിക ലോകത്തിന്റെ
വളർച്ചയിൽ ഒപ്പം നിന്നുകൊണ്ട് മീനങ്ങാടി ഗവ : ഹയർ
സെക്കണ്ടറി
സ്കൂൾ ഒരുക്കുന്ന ഡിജിറ്റൽ മാഗസിൻ ഭാവന കൊണ്ട്
സമ്പന്നമാണ്.
നൻമയും സ്നേഹം കോർത്തിണക്കി
മാഗസിന് നേതൃത്വം
നൽകിയ പിന്നണി പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ ..
ആശംസകൾ ..



അഡ്വ; സി വി ജോർജ്

എസ് എം സി
ചെയർമാൻ

# കുട്ടിഭൂപടം വരച്ചപ്പോൾ



ഭൂപടം വരയ്ക്കാൻ പറഞ്ഞ ടീച്ചർക്ക് പിഴച്ചു
കുട്ടിവരച്ച ഭൂപടത്തിൽ
അങ്ങിങ്ങായി ചോരപ്പാടുകൾ
ആരോ ആരെയൊക്കെയോകൊന്നൊടുക്കുന്നു
സ്വയം മുടുത്ത് മരിക്കുന്നവരുമുണ്ട്
രാജ്യത്തിനുമേൽ അധീശത്വം
പാപിക്കുന്നവരൊരു പക്ഷം
തീരാ പക.......
കൊടും പക.......
ലഹരിതലയ്ക്കു പിടിച്ചതോ
മക്കളെ വില പേശി വിൽക്കുന്നുണ്ട്
ചില അമ്മമാർ
കൊല്ലുന്ന കാമഭ്രാന്തന്മാർ
സ്വസ്ഥതയില്ലാതെ പരക്കം പായുന്നുണ്ട്
മരണമേ ഇല്ലെന്ന് ചിന്തിച്ച്
ചില വിഢികൾ
കുട്ടിഭൂപടം വരയ്ക്കുകയാണ്
ആകാശത്തിന് തീനിറം
നദികൾക്ക് കറുപ്പ്
മണ്ണിനും മനസ്സിനും വിശപ്പിൻ നിറം
അതേ നാൽക്കാലികളിപ്പോഴും
ആസ്വദിച്ച് ഭക്ഷണം കഴിച്ച് കൊണ്ടിരിക്കുകയാണ്
അല്ലെങ്കിലും......
സമാധാനത്തിനും
സന്തോഷത്തിനും
എന്തിനാണ് ഭാഷ....
എന്തിനാണ് അക്ഷര ജ്ഞാനം
ലോകം കീഴ്മേൽ മറിയുന്നതും
മൃഗങ്ങൾ മനുഷ്യനെ കീഴടക്കുന്നതും
കുട്ടി ചേർത്ത് കുട്ടി
ഭൂപടം വരച്ചുകൊണ്ടേയിരിക്കുകയാണ്


പുണ്യശശീന്ദ്രൻ – 9D

# ഓർമയിലെ കണ്ണുനീർ

അഞ്ചാം ക്ലാസ്സിലെ കൊല്ലപരീക്ഷ നടക്കുന്ന സമയമായിരുന്നു അന്ന്. ഇംഗ്ലീഷ് പരീക്ഷയാണ് അടുത്തത് . ഭാസ്കരൻ സാർ ആയിരുന്ന് ഞങ്ങൾക്ക് ഇംഗ്ലീഷ് എടുത്തിരുന്നത് വളരെ നല്ല ക്ലാസ്സായിരുന്ന് . അതുകൊണ്ട് തന്നെ സിറിനെ ഞങ്ങൾക്ക് എല്ലാവര്കും വളരെ ഇഷ്ടമായിരുന്നു. ക്ലാസ് എടുക്കുമ്പോൾ സർ ചില സമയത്ത ഓരോ തമാശ പറയുമായിരുന്നു. പരീക്ഷ ഇംഗ്ലീഷ് ആയത്കൊണ്ട് തന്നെ ഞൻ അല്പം പേടിച്ചായിരുന്ന ഇരുന്നത് ആൻ വൈകുന്നേരം ആണ് ഞൻ ടീവി യിലെ വാർത്ത കാണുന്നത് കൊറോണ എന്നൊരു വൈറസ് വന്നിട്ടുണ്ട് എന്ന്നും . അത് കൊണ്ട് സ്കോളുകൾക് അവധിയാണ് എന്നും അതിൽ പറഞ്ഞു ഏതൊരു സ്കൂൾ വിദ്യാർത്ഥിയെ പോലെ എനിക്കും ഒരു വലിയ സന്തോഷം തരുന്ന ഒരു കാര്യം ആയിരുന്നു അത് അപ്പോൾ തന്നെ ഞാൻ സന്തോഷം കൊണ്ട് ആ കാര്യം  അമ്മയോട് വിളിച്ചു പറഞ്ഞു.

അങ്ങനെ കുറച്ച ദിവസം കഴിഞ്ഞു പോയി കൊറോണ പതിയെ... പതിയെ... എല്ലായിടത്തും വ്യാപിച്ചു തുടങ്ങുന്നു ലോക്കഡോൺണും,മാസ്കും,സാനിറ്റൈ സറും  അങ്ങനെ പല മാറ്റങ്ങളും സമൂഹത്തിൽ വന്നു.പണ്ടൊക്കെ മൂന്ന് ദിവസമോ നാലുദിവസമോ ഒക്കെ ലീവ് കിട്ടിയാൽ അതിലും വലിയ സന്തോഷം ഉണ്ടാകില്ലായിരുന്നു .എന്നാൽ അന്ന് ഞൻ വീട്ടിൽ തന്നെയിരുന്ന് സെരിക്കും മടുപ്പ് പിടിച്ചിരുന്നു അങ്ങനെ നിൽക്കുന്ന സമയത്തായിരുന്നു ഒരു ദിവസം അമ്മ അച്ഛനോട് എന്തൊക്കെയോ അടുക്കളയിൽ നിന്ന് പറയുന്നത് ഞാൻ കേട്ടു. മോളോട് പറയണ്ട എന്നെലാം അവർ പറയുന്നുണ്ടായിരുന്നു.ഞൻ എന്താണെന്ന് ചോദിച്ചെങ്കിലും അവർ ആരും ഒന്ന്മ പറഞ്ഞില്ല .ആറാം ക്ലാസ്സിൽ ആയിരുന്നു ആ സമയത് ഞാൻ.എന്റെ ആറാം ക്ലാസ്സിലെ ഗ്രൂപ്പും മറ്റും അമ്മയുടെ ഫോണിൽ ആയിരുന്നു ഉണ്ടായിരുന്നത് 'അമ്മ ഫോൺ മേശയുടെ മേലെ വെച്ച പോയ സമയത് ഞാൻ അതിന് എടുത്തു. അപ്പോഴാണ് ഭാസ്കരൻ സാറിന്റെ ഒരു ഫോട്ടോയും അതിന്റെ താഴെ ആദരാഞ്ജലികൾ എന്നും ഞാൻ കണ്ടത് .ഞാൻ ആദ്യം ഒന്ന് ഞെട്ടി അമ്മയുടെ അടുത്തേക്ക് ഓടി ചെന്ന് കാര്യം അന്വേഷിച്ചു. അപ്പോഴാണ് 'അമ്മ പറഞ്ഞത് സർ മരിച്ചു പോയി എന്നും നീ

വിഷമിക്കേണ്ട എന്നെല്ലാം എന്നോട് പറഞ്ഞു . ഞാൻ ഒറ്റ വട്ടം മാത്രമേ ആ ഫോട്ടോയിലേക്ക് നോക്കിയുള്ളൂ എന്റെ കണ്ണുകൾ നിറഞ്ഞു ആരും കാണാതെ ഞാൻ കുറെ കരഞ്ഞു.സാറിന്റെ മുഖം ഇന്നും എന്റെ മനസ്സിൽ നിവിനും മറക്കാൻ കഴിയുന്നില്ല .അങ്ങനെ പിന്നെയും കുറെ ദിവസം കഴിഞ്ഞു കൊറോണ വളരെ അധികം വ്യാപിച്ചു കൊണ്ട് ഇരുന്നു .ഞങ്ങളുടെ വീടിന്റെ തൊട്ടടുത്ത പല സ്ഥലങ്ങളിലും വന്നിരുന്നു എനിക്ക് വളരെ അധികം പേടി ആയിരുന്നു .കൊറോണ എനിക്കും വരുമോ എന്ന് .അപ്പോൾ 'അമ്മ പറയും എന്നെ ആശ്വസിപ്പിക്കാൻ അങ്ങനെ ഒന്ന്മ നാക്ക് വരില്ല എന്നെല്ലാം ഞാൻ അതും വിശ്വസിച്ച സമാധാനിച് ഇരിക്കും.



ഒരു ദിവസം ഉച്ചക്ക് ശേഷം എനിക്ക് വല്ലാതെ പനിക്കാൻ തുടങ്ങി .എന്താണ് പറ്റിയത് എന്ന് എനിക്ക് മനസ്സിലായില്ല അച്ഛൻ പറഞ്ഞ നമുക് ഒന്ന് പരിശോധിക്കാം എന്ന് .ഞാൻ കരഞ്ഞു കൊണ്ട് പറഞ്ഞു എന്തുചെയ്താലും ഞാൻ വരില്ലാ എന്നെല്ലാം .എനിക്ക് ആണെങ്കിൽ മണമോ രുചിയോ ഒന്ന്മ അറിയുന്നുണ്ടായിരുന്നില്ല .അതുകൊണ്ട് ഞാൻ വളരെ അധികം കഷ്ടപെട്ടിരുന്ന കുറച്ച ദിവസം കഴിഞ്ഞപ്പോൾ എല്ലാവര്ക്കും പണി പിടിച്ചു.അങ്ങനെ ഞങ്ങൾ കൊറോണ ടെസ്റ്റ് ചെയ്യാൻ തീരുമാനിച്ചു .അമ്മയും ചേച്ചിയും അമ്മമ്മയും ആയിരുന്നു ആദ്യം പോയി ടെസ്റ്റ് ചെയ്തത് നോക്കുമ്പോൾ അവർക്ക് പോസിറ്റീവ് .

പിന്നെ ഞാനും അച്ഛനും പോയി അച്ഛനും പോസിറ്റീവ് എനിക്ക് നെഗറ്റീവും അപ്പോഴേക്കും എനിക്ക് പണി ഒരു വിധം മാരിയായിരുന്നു. അങ്ങനെ അതിൽ ഞങ്ങൾ വളരെ കഷ്ടപ്പെടട്ടു. പിന്നെ നീണ്ട ഇടവേളകൾക്ക് ശേഷം പിന്നെയും സ്കൂളുകൾ തുറന്നു ഏഴാം ക്ലാസ്സിൽ ഞങ്ങൾ രണ്ട ഗ്രൂപ്പായയാണ് ക്ലാസ്സിൽ വന്നിരുന്നത് കൊറോണയുടെ വ്യാനവും മറ്റും അറിയാൻ വേണ്ടി അറിയാൻവേണ്ടി .കുഴപ്പമൊന്നും ഇല്ല എന്ന കണ്ടപ്പോൾ എല്ലാവരെയും ഒരുമിച്ച് വരൻ പറഞ്ഞു.അങ്ങനെ ഞൻ ക്ലാസ്സിലേക്ക് കയറി പോവുകയായിരുന്നു.അപ്പോൾ പുറകിൽ നിന്നും ആരോ എന്നെ തോണ്ടി .തിരിഞ്ഞു നോക്കിയപ്പോൾ ഒരു പെൺകുട്ടി .ഞാൻ ആരാണെന്ന് ചോദിച്ചു .എന്നെ മനസ്സിലായില്ലേ എന്ന് അവൾ ചോദിച്ചു.ഞാൻ പറഞ്ഞു ഇല്ലാന്ന് .നോക്കുമ്പോൾ എന്റെ കൂട്ടുകാരി ആയിരുന്നു അത് . കുറെകാലങ്ങൾക് ശേഷം കാണുന്നത് കൊണ്ട് എനിക്ക്

അവളെ മനസ്സിലായതേ
ഇല്ല .അങ്ങനെ ഒരു വലിയ ഓര്‍മ
തന്ന് കടന്നുപോയ ആ കാലത്തേ
ഞാൻ ഒരിക്കലും മറക്കില്ല.

# ദുഃഖം

തേന്മാവിൻകൊമ്പിൽവിരുന്നുവന്നെത്തി
തേന്തൂറും രാഗത്തിൽ പാടും കുയിലേ,

നീ പാടും പാട്ടിൽ തെളിയുന്നതെല്ലാം
നീറും നിന്നാത്മാവിൻ ദുഃഖങ്ങളാണോ,

കാടായ കാടെല്ലാം ഞങ്ങൾ മനുഷ്യർ
പാടേ , നശിപ്പിച്ച രോഷത്തിലാണോ



കായും കനികളും കിട്ടാതെ നിൻ്റെ
കൂട്ടുകാരെല്ലാം പ്രയാസത്തിലാണോ

താരും തളിരും വിഷക്കാറ്റു പറ്റി
താനേയുണങ്ങിക്കരിഞ്ഞു പോയെന്നോ,

കളകളം പാടിപ്പുളഞ്ഞു പായുന്ന
കാട്ടാറു വറ്റിവരണ്ടുപോയെന്നോ,

പാതിയിൽ പാടി നിർത്തുകയാണോ
പോകാൻ നിനക്കും തിടുക്കമായല്ലേ,

പറയൂ ,മടിക്കാതെ നിൻ സങ്കടങ്ങൾ
ഞങ്ങളും കൂടി പകുത്തെടുത്തോളാം.



( ഡോ. ബാവ കെ.പാലുകുന്ന്)

# EXODUS OF LOVE

It started with a feeling of hate
Soon I realised its my fate
Something weird pierced my heart
Seems like it was the cupid.

Like a ray of hope after the storm
She entered my world
If my mind was in chaoes
She was the anchor that holded it.

It all started with a weird feeling
Now it started to feel weird without her.
It felt empty without her.
The emptyness Gulped me like a beast.

When I look at her in the eyes
I can see the whole city lights
Suddenly the darkness entered
Its the feeling of loosing her.

Even if the world falls down
Even when the night change
I don't wanna let you go
I don't wanna say goodbye.

Like a cold breeze
I sat still
I felt warm like home
When I was with her.



Lena Mariya

# കുഞ്ഞുബാല്യത്തിന്റെ നോവലുകൾ

രേണു ഒരു അദ്ധ്യാപികയാണ്. അവൾ ഒരു ദിവസം സ്കൂളിന്റെ വരാന്തയിൽ ഇരിക്കുകയായിരുന്നു. സ്കൂളിന്റെ മുറ്റത്ത് കുട്ടികൾ ഓടി കളിക്കുന്നത് കണ്ടപ്പോൾ അവളുടെ ചിന്ത ബാല്യകാലത്തിലേക്ക് ചേക്കേറി, കണ്ണുകൾ അറിയാതെ തുളുമ്പി. അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് അവളുടെ അച്ഛനും അമ്മയും ചേച്ചിയും അവളെ വിട്ട് പോയത്. ഒരു ദിവസം രാവിലെ അച്ഛൻ കടയിൽ പോകാൻ ഇറങ്ങി. രേണു പറഞ്ഞു അച്ഛാ, അച്ഛാ ഞാനും ഉണ്ട് കടക്ക്. അപ്പോൾ അമ്മ പറഞ്ഞു ടീ രേണു നീ പോകണ്ട. ഞാനും പോകും എന്ന് അവൾ വാശി പിടിച്ചു. അങ്ങനെ അച്ഛനും അവളും കടയിലേക്ക് പോയി. കടയിൽ പോയപ്പോൾ അവൾ ഒരു പാവകുട്ടിയെ കണ്ടു. രേണു അച്ഛനോട് പറഞ്ഞു അച്ഛാ, എനിക്ക് ഈ പാവക്കുട്ടിയെ വേണം. അച്ഛൻ രേണുവിന് ആ പാവകുട്ടിയെ വാങ്ങികൊടുത്തു. ആ പാവ കിട്ടിയപ്പോൾ അവൾക്ക് ലോകം കീഴടക്കിയ ഗമയായിരുന്നു. അങ്ങനെ അവർ വീട്ടിലെത്തി ഉച്ചഭക്ഷണമൊക്കെ കഴിച്ചു കളിച്ചു രസിച്ചു. വൈകും നേരമായപ്പോഴേക്കും ആകാശം ഇരുണ്ട് മഴ പെയ്യാൻ തുടങ്ങി. രാത്രിയായിട്ടും മഴ തോരുന്നുണ്ടായിരുന്നില്ല. രാവിലെ അമ്മ എഴുന്നേറ്റ് മുറ്റമടിക്കാൻ നോക്കുമ്പോഴേക്കും മഴ തിമിർത്ത് പെയ്യുന്നുണ്ടായിരുന്നു. വീടിന് ചുറ്റും വെള്ളമായിരുന്നു.

എന്നിട്ട് അമ്മ ഞങ്ങളെ മൂന്നു പേരെയും വിളിച്ചു. അച്ഛനും ചേച്ചിയും അടുക്കളയിലേക്ക് പോയി ഞാൻ എന്റെ

പാവകുട്ടിയുമായി കളിച്ചു കൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന് ഒരു ശബ്ദം കേട്ട് ഞാൻ ഞെട്ടി എന്റെ വീടിന്റെ അടുക്കളെയും തകർത്ത് എന്റെ അച്ഛനെയും, അമ്മനെയും, ചേച്ചിയെയും കൊണ്ട് ആ വെള്ളം ഒഴുകുന്നു. ഞാൻ അലറി



വിളിച്ചു. പക്ഷെ ഞാൻ നിസ്സഹനായിരുന്നു.കുറച്ച് കഴിഞ്ഞ് ആൾക്കാർവന്ന് എന്നെ തോണിയിൽ കേറ്റിക്കൊണ്ടുപോയി. എന്നിട്ട് സ്നേഹ ഭവൻ എന്നസ്ഥലത്താക്കി .അവിടത്തെ ഓരോ ദിനവും ഉറക്കമുള്ളതായിരുന്നതല്ല. അപ്പോൾ എന്റെ ലക്ഷ്യം അദ്ധ്യാപിക ആവുക എന്നതായിരുന്നു. അത് എന്റെ അച്ഛന്റെ ആഗ്രഹമായിരുന്നു. പ്ലസ് 2 പഠനത്തിന് ശേഷം അദ്ധ്യാപിക ആവാനുള്ള പഠനത്തിന് ചേർന്നു. എന്നിട്ട് ടീച്ചർ ആയി. ഇപ്പോൾ രേണു ആഗ്രഹിക്കുന്നു തന്റെ ബാല്യം ഒന്നുക്കൂടി തിരിച്ചുകിട്ടിയെങ്കിൽ എന്ന്

അദിന അരവിന്ദ്-5A

# Pathummayude Aadu

Pathummayude aadu is a novel written by one of the most influential malayalam writers of all time vaikom muhammed basheer fondly known as sultan of beypore. I've beard a lot a bout his his works, the most interesting thing about this book is that, basheer was mentaly ill while writing his story and the story was published unedited.

As can be inferred from the above sentence, the goat is a metaphor for the all. Consuming bunger of a family living in poverty.



Once basheer's nephew comes crying to him, because the goat Has eaten his trouser's pocket along with the 25-paise coin inside it. His father will beat him if be comes to know of it. The kind hearted novelist gives him money from his strongbox, then catches and ties up the goat and patiently waits for it to defente, so that he can get his 25 paise back, because money is scarce !

In the end all the siblings band together to defeat pathumma and her free–roving goat by milking it and using the milk for their own purpose the novel is shot through with humour even while it attacks serious existential issues. This is Basheer's trademark .

He then become a full-time Malayalam fiction writer. He

become insane twice during him lifetime and got treatment in a lunatic asylum. He got the plot idea for his stories for his real life incidents, he wrote many novels, short stories, essays and won many awards. He is noted for his path-breaking, disarmingly down-to-earth style of writing that made him popular among literacy critics as well as common man. He is regarded as one of the most successful and outstanding writer from India. He was a humanist. Even animals, birds, trees, fruits and flowers become the characters in Basheer's works He passed away in 1994 at the age of 86.

# ആസ്വാദനക്കുറിപ്പ്

**സി.**ബാലകൃഷ്ണൻ 'തോരാ മഴയത്ത്' എന്ന കൃതി എനിക്ക് വളരെ അധികം ഇഷ്ടമായി. ഈ കൃതിയിലെ ദരിദ്രനായ വിശന്ന് വലഞ്ഞ് കയ്യിലൊന്നും കഴിക്കാനില്ലാതെ നടക്കുന്നൊരു മനുഷ്യന്റെ കഥയാണ് തോരാ മഴയത്ത് എന്ന കഥ സൂചിപ്പിക്കുന്നത്. വൈകി സ്കൂളിലേക്ക് വരികയായിരുന്ന ഒരു പെൺകുട്ടിയും ഒരു യാചകനുമാണ് ഇതിലെ കഥാപാത്രങ്ങൾ. പെൺകുട്ടിയുടെ മുന്നിലേക്ക് ചാടി വീഴുകയായിരുന്നു ആ യാചകൻ. അത് കണ്ട പെൺകുട്ടി ഭയന്ന് പിന്മാറി. അയാൾ അവളുടെ ചോറും പാത്രം ആവശ്യപ്പെട്ടു. ആ പെൺകുട്ടി അവളുടെ ചോറ് പാത്രം എടുത്ത് അയാളുടെ മുന്നിലേക്ക് നീട്ടി. അയാൾ ഭക്ഷണം മുഴുവൻ കഴിച്ചു. അവൾ അത് നോക്കിനിന്നു. അവളോട് നന്ദി പറഞ്ഞു. അവൾ ഒന്നും മാത്രം തിരിച്ചാവിശ്യപ്പെട്ടു...

ചോറ് പാത്രം തിരികെ കൊണ്ടു ചെന്നില്ലെങ്കിൽ അമ്മ വഴക്ക് പറയുമെന്നായിരുന്നു മറുപടി. അത്ഭുതത്തോടെ ആ കുരുന്ന് മുഖത്തേക്കയാൾ ഒന്ന് നോക്കി പുഞ്ചിരിയോടെ അവൾ അയാളുടെ മുഖത്തേക്ക് നോക്കി.
ആ കണ്ണുകൾ ഈറനണിഞ്ഞിരുന്നു.



ഫിദ

# ഓർമ്മയുടെ വർണങ്ങൾ

ഇലപ്പടർപ്പുകൾക്കിടയിലൂടെ വെള്ളത്തുള്ളികൾ ഇറ്റിറ്റുവീണുകൊണ്ടിരുന്ന അപ്പോഴും ആ നനുത്തകരങ്ങൾ കൂട്ടിപ്പിണച്ച് ഇരിക്കുകയായിരുന്ന അവൾ മഴയുടെ ആദ്യതുള്ളികൾ പതിഞ്ഞ ആ സാരിത്തുമ്പ് അപ്പോഴും നനുത്തതായി അവൾക്ക് തോന്നി. ഏതോ ഓർമ്മകളുടെ ഉൾനാമ്പുകൾ മുളപൊടി കെട്ടിപ്പിണഞ്ഞ് ഒരു കുരുക്കിൽ അകപ്പെട്ടപൊലെ ആ തൂണിൽ ചാരി സ്വയം കഥകൾ മെനഞ്ഞ് അവൾ സ്വയം അലിഞ്ഞുതീരുന്നതായി തോന്നി .

മഴ അവസാനിച്ചിരിക്കുന്നു ഏങ്കിലും ഇലപ്പടർപ്പുകൾക്കിടയിൽ ഹികമണങ്ങൾപോലെ,വർഷക്കാറ്റേറ്റ് തണുത്തുറഞ്ഞ് നിലംപതിച്ച ആ മുത്തുക്കൾ അവിടെ ഒഴുകിക്കൊണ്ടിരുന്ന മണ്ണിൽ വന്നു പതിക്കുന്ന ആ തുള്ളികൾ അവളുടെ ഹൃദയദമനികളിൽ ഒരു സംഗീതം തീർത്തു അത് നിലക്കാത്ത ഒരു സ്വരരാഗപ്രവാഹമായി അവളിൽ ഒരു മഹകവ്യം സൃഷ്ടിച്ചു ഒർമ്മയുടെ അഗാധതയിലേക്കുള്ള തുരുത്ത് അവൾ സ്വയം സൃഷ്ടിക്കുകയായിരുന്നു അവിടെ അവിടം വട്ടമിട്ടു പറക്കുന്ന ചിത്രശലബങ്ങൾ ആ ഒർമ്മകൾക്ക് മാറ്റൊലിയേകി അപ്പുറത്ത് ഭീമാകാരമായ മുരൾച്ചയോടെ ഒടിവന്ന ത്രുപങ്ങൾ മുറിവുകൾ സൃഷ്ടിച്ചു അതുകൊണ്ട് പാറന്നുവന്ന ചിത്രശലഭങ്ങൾ ആ ഭീമകാരത്തെ മറയ്ക്കാൻ ശ്രമിച്ചു എങ്കിലും ആ വർണശഭളമായ ചിറകുകൾ അറ്റ് അവിടെ പിടഞ്ഞുവീഴുകയാണ് അവ ചെയ്തത് അവിടെനിന്ന് ഉയിർത്തെഴുന്നേൽക്കാൻ അവയ്ക്ക് കഴിഞ്ഞില്ല ആ ശലഭങ്ങളുടെ വേദനസഹജമായ മൃദുവായ മുരൾച്ച അവളുടെ പ്രസാദാതമകതയെ ബോധരഹിതനാക്കി തന്റെ ദമനികളിൽ പ്രവേശിച്ചു അത് അവളുടെ നാഡീകോശങ്ങളെ വരിച്ചുമുറുകി പ്രതീക്ഷകളെ ഹനിച്ചുകൊണ്ട് അവിടെ ഒരു ശ്മശാനം നിർമ്മിതമായി അവിടെ കാവാലളായി ഒട്ടോറെ ചിത്രശലഭങ്ങൾ തങ്ങലളുടെ വർണ്ണതയെ പറത്തിച്ചുകൊണ്ട് ഒരു വർണ്ണാഭമായ,മഹത്തായ ബൃഹത്തായ ഓർമ്മകളുടെ തുരുത്ത് നിർമ്മിച്ചു അവിടെ പ്രതിക്ഷകളുടെ മൊട്ടുകൾ വിരിഞ്ഞു മൊട്ടുകൾ വളർന്ന് ആ തുരുത്തിന്

കാവലാളായിമാറി അവിടെ
തണുത്തുറയുന്ന ഹിമകണങ്ങൾ
ഉണ്ടായിരുന്നില്ല! ഭീമാകാരമായ
രൂപങ്ങൾ
കണ്ണുപൊത്തിക്കളിക്കുന്നുമില്ല!
ഒന്നുമാത്രം! ചിത്രശലഭങ്ങൾ !
അവയുടെ ചിറകടിയൊച്ച
മാത്രം . . . . . . . .

ആ മഹാഗാഥയ്ക്കിടയിൽ
ഒരലയൊലി സൃഷ്ടിച്ചുകൊണ്ട്
അവൾ ഉണർന്നു കണ്ണുകൾ
ചെന്നുപ്പെട്ടത് മുറിയിലെ ആ
ചുവർചിത്രത്തിലേക്കായായിരുന്നു
വിളറിവെളുത്ത ആ മുഖം അവൾക്ക്
അപരിചിതമായിതോന്നി  എങ്കിലും
ആ തുരുത്തിനുള്ളിലെ ശലഭം
തന്റെ വർണാഭമായ ചിറകുകൾ
വിരിച്ചുക്കൊണ്ട് പറക്കുന്ന രഗം
അവളിൽ ഓടിയെത്തി ആ
അപരിചിതതയെ അകറ്റിമറ്റി



അവൾക്ക് സ്വയം കൈകളുയർത്തി
താൻ പറന്നകലുന്നതായി അവൾക്കു
തോന്നി ദൂരെ . . . ദൂരെ ശഭളമായ
തുരുത്ത് കാണപ്പെട്ടു ഇവിടെ അവളുടെ
മാനസ്സും . . .

മഴത്തുള്ളികൾ അപ്പോഴും ഇറ്റിറ്റുവീണ്
മണ്ണിൽ വിവിധമായ കൈവഴികൾ
സൃഷ്ടിച്ചുകൊണ്ട് ഒഴുകി അവളുടെ
മനസ്സും .  . .

[illegible]

Essay

# Increase in attrocities against women and children in India

Women... The word that empowers a whole nation .The word that has the power to change whole world. Attrocities against women increases day by day; but now, today this words about attrocities against women has become one of the most discussed topic all over the world. But what about theattrocities that children face today? The upcoming citizen to whom the whole world is looking, with the eyes of hope. I remember a famous quote said by Rosalin Franklin, it goes "we can never build a future for the upcoming citizens,we can build a bright citizens for a better future". Building a good future is done by building up new citizens, the best citizens. Today's children are the hope for tomorrow, the candle that everyone glazes whith hope. But what's happening to the world? to India? They are putting off the candles and marking the future in darkness. Attrocities against children are indcreasing day by day, like the attrocities against women incrases. Man considers them as the weaker section in a society, butt hey are weapones who forgets their sharpnessness and fights with the sharpless side. They are exploited brutally. They are writing for a hand to lead them, forgetting that they are the hight, and people around them are misusing their helplessness in every ways. The Attrocities aganst them is not only sexually; but alos mentally. I remember a famous adage which goes "woman are foolish to think that they are equal to man, they are far strongesthan man because whatever you give women she gives you the double of it" I agree that women are given the opportunity that given to man, but they are not given the same opprtunity to apply or work for it. They are even denied of dreaming. It seens apath of thrones and blood for woman who dreamed and determined of her goal, while the the path of the same dream is seen easier for man. The perspectives of the society never changed. They still believes that woman should likein the shackles of rules made by her family a sociiety. They still believe in giving a women acheives. The attrocities aganst children starts form their home, Just like charity begins form home. Parents of these children who become the victims of these



exploition are unaware about the feelings of their children which could mentally hunt them for year, or for a life time. Sometimes,children from poor economic background are denied to have the basic right toeducation. They are send to work at a very young age. even though childlabour is completely banned in India. I, you or anyone can never conform that it is fully banned because, even today, we see small children sitting on the footpath begging for food. Or we can see children knocking on the windows of the car, doors of house..., begging their life... A month ago, use came to read a newes of a 5-year old girl rapped by a man in Aluva, after 2-year, we again came to read another news of a girl rapped. when you have the habit of reading newspaper, you will be surre aware about the increasing in the attrocities against women and children. It is increasing minute by minute, the better future, or a world where everyone lives with peace only when we learn ot respect women and protect children. Empowering women, protecting children are the 2pillars of a strengthening nation. Providing children with eduction irrespective of their sex, caste, religion, region, colour... woman should be given good securities, should pay equal wages as paid to man for the same job; They should be respected. They sshould be provided with the same opportunities given to man. They should be educated; I remember a speech said by chistine.

Lagards the first woman finance minister of 3LS empowerment Learning, Labour and leadership. Labour helps a woman to break all the shackles and helps to know themselves. Laabour helps a women stand independently and by giving her the opportunity to show everyone her skills Leadership helps a woman to truely acquire their full potential.

Every child should be given the opportunity to learn becouse it is the foundation in which anything is build, and it should be stronger. I strongly thinks that childrenshould be protected and shouldbe provided with the basic manners.

I remember an article that I read about the educational system in Japan. In Japan children upot 4$^{th}$standard is only given basic education and the rest they teach the children to be kind and mannered. They teach manners untill 4$^{th}$ standard which makes Tokyo, one of the most safest place to live.

Children should be provided with opportunities to show their true potential. Everyparents should be aware that their actions influencer the mind of children, which affecects their mental health; Everyone should be aware about the drugs and phone addictions as it increase the suicidal rate of children day by day. Everyparents should be aware about the screentime of their children as social media becomes one of the main villain in many life. Everyone (adults), (society) should behave to the children kindly and they should aware that their act leads to the destruction or construction of a good future.

The best future is made from the thought that everyone should be equally treated, respected and protected even it is man, woman or child.

Building the best India is by building a better India today. If you want the change tomorrow, then start working on the world today... If someone asks me what is the worst thing about world. I would really say that everyone really knows what is happening around and what is essential to change it, but nobody cares, until it happens to them. So, start raising your voice against all attrocities and be the one that everyone wish to become. Make the change that everyone wants to make. Like I said before, If you want a peaceful future, then fight against women and children today itself, or it will be very late...

Thank You

Let's be the changer.

-Meghna .R. Nair

# വഴിയോര ഓർമ

നിശാഗന്ധി ദലമടഞ്ഞ പ്രഭാതത്തിൽ
വഴിയോര വീഥിയിലൂടെ ഞാൻ
ഏകയായി നടന്നു നീങ്ങവേ
തുഷാരകണങ്ങളാൽ ചുംബനമേകുന്ന
പുൽപ്പടപ്പെന്നെ നോക്കവേ നാണത്തോടെ....
തുമ്പികൾ തൻ പ്രിയ സൂമത്തെ തേടി...
പാറി നടക്കും ഇടവഴികൾ....
ചെറു തട്ടുകടയിലടിക്കും ചായതൻ ഗന്ധവും....
സ്കൂളിലേക്കോടി കിതച്ച പായും പൈതങ്ങളും....
പുഴയുടെ തീരത്തു മീനിനെ കാത്തിരുന്ന
മയങ്ങുന്ന മുക്കുവൻമാരും പാലിനും പാത്രത്തിനും
കാത്തുന്നിന്നപ്പുറമിപ്പുറം
കുശലം പറയുന്നോരും....
അങ്ങനെ അങ്ങനെ മധുരമൂറും
വഴിയോര കാഴ്ചകളും....
ഓർക്കുക ഇനിയെന്നും നാം കാണും
ഈ കാഴ്ചകൾ...
ഗ്രാമത്തെ മറന്ന് ...ഉപേക്ഷിച്ച്...
നഗരത്തിലേക്കു പാർക്കുന്നവർക്കിനി
എങ്ങനെ ആസ്വദിക്കാൻ കഴിയുമീ
വഴിയോര കാഴ്ചകൾ...
ഇനിയുണ്ടവർക്കാ നഗരവീഥിയിലെ
തിരക്കുപ്പിടിച്ച ജിവിതം...
ഓർമയാകുന്ന ഗ്രാമവഴിയോരങ്ങളും...

Angel santo

ഉപന്യാസം.

# നവ മാധ്യമങ്ങളുടെ സ്വാധീനം വിദ്യാർത്ഥികളിൽ

ഇന്ന്, ലോകം മുഴുവനും ഉറ്റുനോക്കുന്ന ഒരു വിഷയമാണ് നവമാധ്യമങ്ങളും അത് ജനങ്ങളിൽ സൃഷ്ടിക്കുന്ന പ്രതിസന്ധികളും. ലോകത്തിലെ 90 % ആളുകളും വീടുകളുടെ നാലു ചുവരുകൾക്കുള്ളിൽ കുടുങ്ങിക്കിടക്കുന്നതും ഈ നവമാധ്യമങ്ങളാൽ തന്നെ. ലോകം മുഴുവനും തന്റെ കൈക്കുള്ളിലാക്കി എന്നു കരുതുമ്പോൾ നാം നമ്മുടെ സഹജീവികളിൽ നിന്നു പോലും ഒറ്റപ്പെട്ടുപോകുന്ന ബുദ്ധിയുറച്ച, ചെയ്യുന്ന കാര്യങ്ങളിൽ വ്യക്തതയുള്ള മുതിർന്നവരുടെ അവസ്ഥ ഇതാണെങ്കിൽ പിന്നെ കുട്ടികളുടെ കാര്യം പറയേണ്ടതില്ലല്ലോ. അവർ തങ്ങളുടെ കൈയ്യിൽ ലഭിക്കുന്ന 'പുതിയ ലോകത്തെ' കുഞ്ഞുവിരലുകളാൽ അറിയുന്നു.

വിദ്യാർത്ഥികളിൽ ഇന്ന് ഈ പറഞ്ഞ 'പുതിയ ലോകം' കൊണ്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുന്നതിനും അപ്പുറമാവുകയാണ്. ഇത് എഴുതുന്ന ഞാനും വായിക്കുന്ന നിങ്ങളും ആ വരാനിരിക്കുന്ന ദുഷിച്ച ഭാവിയുടെ സാക്ഷികൾ ആകാതിരിക്കാൻ പ്രാർത്ഥിക്കാം. ഇന്ന് ലോകത്ത് മയക്കുമരുന്നിനും, മറ്റു ലഹരിയിലും അഭയം പ്രാപിക്കുന്നവരുടേയും എണ്ണത്തിനേക്കാളും വളരെ അധികമാണ് നവമാധ്യമങ്ങളിൽ അടിമപ്പെട്ടവരുടെ എണ്ണം. അതുകൊണ്ടുതന്നെയാവാം ഇന്ന് മൊബൈൽ ഡീഅഡീക്ഷൻ സെന്ററുകളുടെ എണ്ണത്തിലുള്ള ഈ കുത്തനെയുള്ള വർദ്ധനവിനു കാരണം.


വിദ്യാർത്ഥികളുടെ വിലപ്പെട്ട സമയത്തേയും, വളർന്നുവരേണ്ട സ്നേഹത്തേയും, പഠിക്കേണ്ട മൂല്യങ്ങളേയും ഈ നവമാധ്യമങ്ങളുടെ സ്വാധീനം നശിപ്പിക്കുന്നു എന്നത് നിസ്സംശയകരമായി പറയാം. വീട്ടിൽ എത്തുമ്പോൾ സ്കൂളിലെ വിശേഷങ്ങളോ, തമാശകളോ ആരുമായും പങ്കുവെക്കാൻ അവർക്കു സമയമില്ല. അവർ ലഭിക്കുന്ന സമയത്ത്, വീട്ടിലേയും നാട്ടിലേയും ഉറ്റവരേയും ഉടയവരേയുമായി സംഭാഷണങ്ങളിൽ ഏർപ്പെടാതെ പുതിയ വർണ്ണങ്ങളുടെ ലോകത്തേക്ക് ഓടുകയായി. ചെവിയിൽ ഒറ്റ വള്ളിയും (ഹെഡ്സെറ്റ്) കൂടി ഉണ്ടെങ്കിൽ പിന്നെ പറയേണ്ടതില്ല, ചുറ്റും നടക്കുന്നതൊന്നും പിന്നെ അറിയുന്നില്ല. ഒരു തരം ലഹരിക്കടിമപ്പെട്ടവരുടെ അവസ്ഥയിലായി ഇന്നത്തെ വിദ്യാർത്ഥി സമൂഹം.

ഈയിടെയായി കൂടിവരുന്ന മയക്കുമരുന്നിന്റെ ഉപയോഗത്തിനു എതിരായി നാം 'ലഹരിമുക്ത കേരളം' എന്ന ആശയം മുന്നോട്ടുവെച്ചു പോരാടി, അതു ഉപയോഗിക്കുന്നവരേയും, ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നവരേയും അർഹമായ ശിക്ഷ നൽകി. എന്നാൽ അതിലും പതിരട്ടി അടിമത്ത്വത്തിലേക്ക് നയിക്കുന്ന, അല്ല, നമ്മെ

അടിമയാക്കിയ നവമാധ്യമങ്ങളെ പറ്റി ആരും പറഞ്ഞില്ല. പറഞ്ഞവന്റെ ഒച്ച ശക്തവുമായിരുന്നില്ല, കാരണം അവനുമറിയാം ഈ നവമാധ്യമങ്ങളില്ലാതെ അവനും ജീവിക്കാനാവില്ല എന്ന്.

ഇന്ന് ഏതു മൈതാനമാണ് കുട്ടികളുടെ ചിരിയും, കളിയും, സംസാരങ്ങളുമായി നിറയുന്നത് മൈതാനങ്ങൾ കാടായി മാറുകയാണ്. നിറഞ്ഞ ആ മൈതാനങ്ങളിൽ ഇന്ന് നൽകുന്ന ഏകാന്തത, ശവപ്പരമ്പിലെ ഏകാന്തത പോലെയായിരിക്കാം.

നവമാധ്യമങ്ങളുടെ വളർച്ചക്കുവേണ്ടി നാം പ്രത്യേകമായി തയ്യാറെടുത്ത പോലെയല്ല ഇന്നത്തെ ജീവിത രീതി. നമ്മെ അത് അങ്ങനെ ജീവിക്കാൻ സന്നഹതരാക്കി. ഫ്ലാറ്റുകളിലെ, നാലു ചുവരുകൾക്കിടയിലുള്ള ഒരു അജ്ഞാത വാസമാണിന്ന്. തൊട്ടടുത്തെ വീട്ടിലെ ആളുകളെ പോലും തിരിച്ചറിയാൻ കഴിയാതെയായല്ലോ!. ജോലിയുടെ



തിരക്കിൽ തങ്ങളും, മക്കളുടെ കൂടെ ചെലവഴിക്കാൻ സമയം കണ്ടെത്താത്ത രക്ഷിതാക്കൾ, അവരുടെ കരച്ചിലും, ശല്യംചെയ്യലും സഹിക്കാൻ വയ്യാതെ അവർ നൽകിയ ആ 'പുതിയ കൂട്ടുകാരൻ'. എന്നാൽ ആ കൂട്ടുകാരന്റെസ്വഭാവത്തെ കുറിച്ചവർ അന്വേഷിക്കുക ഉണ്ടായില്ല. അതിനായുള്ള ഭവിഷത്ത് അവർ അറിഞ്ഞിരുന്നില്ല. അവർക്ക് തങ്ങളുടെ കുഞ്ഞുങ്ങളോട് സ്നേഹമില്ലെന്നല്ല ഉദ്ദേശിച്ചത് എന്നാൽ അവർക്ക് വേണ്ടി സമ്പാധിക്കുമ്പോൾ അവർക്കുവേണ്ടി ചിലവഴിക്കാൻ കുറച്ചു സമയം കൂടി മാതാപിതാക്കൾ കണ്ടത്തേണ്ടതുണ്ട്, ആ കൊച്ചു കൊച്ചു നിമിഷങ്ങൾ മഹത്തരമായി തീരുകയും ചെയ്യും. തീർച്ച.

വിദ്യാർത്ഥികളുടെ പ്രശ്നങ്ങളും അവർക്കുവേണ്ട നിർദ്ദേശങ്ങളും നൽകേണ്ടത് മുതിർന്നവരുടെ കർത്തവ്യമാണ്. ഈ സമൂഹമാധ്യമങ്ങളുടെ ചതിക്കുഴികൾ തിരിച്ചറിയാൻ അവരെ പ്രാപ്തരാക്കേണ്ടതാണ്. ഇന്ന് വാർത്തകളിൽ നിറഞ്ഞുനിൽക്കുന്ന ഒരു വലിയ പ്രശ്നമാണ് ഈ ചതിക്കുഴികളും അതിൽ അകപ്പെടുന്നവരുടെ ആത്മഹത്യകളും പ്രത്യേകിച്ചും വിദ്യാർത്ഥികളിൽ.

ഒരു വിദ്യാർത്ഥി എന്ന നിലക്ക് പറയട്ടെ, നിങ്ങൾ നിങ്ങളുടെ കുട്ടികൾക്ക് പിറന്നാൾ സമ്മാനമായോ, അല്ലാതെയോ ഈ പുതിയ ലോകത്തെ, ഈ പുതിയ, ചതിയനായ കൂട്ടുകാരനെയോ സമ്മാനിക്കേണ്ടതില്ല. അത് ഉപയോഗിക്കാനുള്ള പ്രായമോ, പക്വതയോ അവർക്കില്ല. അവരുടെ ആഗ്രഹങ്ങൾ മുഴുവനും കണ്ണും പൂട്ടി നടത്തിക്കൊടുക്കലല്ല സ്നേഹമെന്നത്, അവരുടെ കൂടെ, അവർക്ക് തണലായി, സാന്ത്വനമായി, അവർക്ക് നന്മയായി, അവരുടെ പ്രശ്നങ്ങളുടെ പരിഹാരമായി,

അവരുടെ കണ്ണീരുകൾ തുടയ്ക്കുന്നവരായി വേണം മാതാപിതാക്കൾ മാറാൻ. അങ്ങനെ അവരുടെ കൂടെ നിങ്ങൾ ഉണ്ടെങ്കിൽ പിന്നെ ഈ നവമാധ്യമങ്ങളുടെ ആവശ്യം വളരെ കുറവായിരിക്കും. കൂടെ മുതിർന്നവരും അവർക്ക് മാതൃകയാക്കുംവിതം വേണം ഈ നവമാധ്യമങ്ങൾ ഉപയോഗിക്കുന്നവാൻ. അങ്ങനെ ഇന്നത്തെ വിദ്യാർത്ഥികൾ അനുഭവിക്കുന്ന ആത്മഹത്യ ചിന്ത, വിഷാദരോഗം, ഒറ്റപ്പെടൽ, അഡിക്ഷൻ തുടങ്ങിയവയിൽ നിന്നും അവരെ മോചിതരാക്കാൻ നമുക്ക് സാധിക്കും.

ഈ നിമിഷം 32 -മത് അമേരിക്കൻ പ്രസിഡന്റായ റോസലിൻ ഫ്രാങ്കലിങ്ങിന്റെ പ്രശസ്തമായ വാചകങ്ങളാണ് എനിക്കോർമ്മ വരുന്നത് : "നമുക്കൊരിക്കലും പുതിയ തലമുറയ്ക്കായി, നല്ല ഭാവി സൃഷ്ടിക്കാൻ കഴിയുകയില്ല, എന്നാൽ നല്ല ഭാവിക്കായി നല്ല തലമുറകളെ നിർമ്മിക്കാൻ സാധിക്കും".

വിദ്യാർത്ഥികളാണ് നാളെയുടെ പ്രതീക്ഷകൾ. അവരെ നല്ല മാർഗ്ഗത്തിലേക്ക് എത്തിക്കുന്നതിലൂടെ നല്ല ഒരു ഭാവി ഈ ലോകത്തിനായി നമുക്ക് സമ്മാനിക്കാം. ഈ നവ മാധ്യമങ്ങളുടെ ചതിക്കുഴികൾക്കെതിരെ, വിദ്യാർത്ഥികളുടെ നന്മക്കായി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

എന്റെ ഈ വാചകങ്ങൾ, ചിന്തകൾ, നല്ല ഒരു ഭാവിക്കായി പ്രവർത്തിക്കാൻ സാധിക്കേണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

നെൽസൺ മണ്ടേല പറഞ്ഞതു പോലെ "വിദ്യാഭ്യാസമാണ് ഏറ്റവും ശക്തമേറിയ ആയുധമെങ്കിൽ അത് അഭ്യസിക്കുന്ന വിദ്യാർത്ഥികളാണ് യഥാർത്ഥ പോരാളികൾ, ആ വിദ്യാർത്ഥികളാകണം നാളെയുടെ ദീപം കെടാതെ സൂക്ഷിക്കേണ്ടത്, അതിന് ഈ നവ മാധ്യമങ്ങൾ ഒരു തടസ്സമാകാതിരിക്കട്ടെ എന്ന് ഞാൻ ആഗ്രഹിക്കുന്നു..."

**Meghna . R . Nair**

# മാധുര്യമീവഴിയോരം

മധുരസംഗീതോന്മാദം തുളുമ്പും വഴിയോരം
കതിരിൻ ഗന്ധം തഴുകും ഗ്രാമവീഥി
കുരുന്നുകൾ തൻ  കോലാഹലങ്ങളാൽ
ധന്യയമായിരുന്ന
നാട്ടുവഴി

മാവിൻ സുഗന്ധദീതീരത്തെഗന്ധവും മുത്തശ്ശിക്കഥകളും
മുഴങ്ങിനിന്നിരുന്ന കുട്ടിക്കാലം
വർണ്ണനിയമാംവിധം പുഴയായ് ഒഴുകവേ
ഗ്രാമവീധിലൂടെ മനോഹാരിതയും  തിരയായി

എന്നമ്മയെയും   തറവാടിനേയും
ഓർക്കുംവിധം മധുരമായി എന്നിലവർ
വഴിയോരമെന്നത്  സ്മരണയുടെ
മാധുര്യമായി

നെൽപാടങ്ങളുടെ ഹരിതാപീയുന്നിൽ
ഓർമ്മകളുടെ തിരയിളക്കമായി
മരങ്ങളെന്നിൽ കുട്ടിക്കാലത്തിന്റെ
വേരുകളിൽ  പുഷ് പസൗന്ദര്യമായി

വർണഛായങ്ങൾ പൂക്കളായി
എന്നെയാകർഷിക്കുവാനായി
ഇളംകാറ്റിലെ നർത്തകരായി
അവരാൽ സൗന്ദര്യാസ്വദനം ഇരട്ടിയായി

നദീതീരത്തെ കൽപ്പാലങ്ങളും
പുഴയുടെ കളകളനാദവും
ആസ്വദകമനസ്സിലെ കുളിർമ്മയായി
ദൈവരൂപിയായി തിളങ്ങി

മന്ദമാരുതൻ മന്ദാരച്ചെടിയിൽ
കുരുങ്ങി മന്ദാരച്ചെടിയുടെ
സന്താനങ്ങളെ ഇളക്കിവീഴ്ത്തി
ആരും മുഴകിപോകുന്ന വീഥി

ഹരിതസ്മരണകളാൽ സമൃദ്ദമായ നാട്ടുവഴി
എന്നിൽ ആത്മോത്ഢാഹത്തിന് ഉത്ഢവമായി
വയലേലകളുടേ ഗഢവും കുരുന്നുകോലാഹലവും
എന്നിലെ കുരുന്നിനേയുമുണർത്തി

എൻ മനസ്സിലെ ഉത്ഢവവും
മനം കുളിർക്കും മനോഹരിതയും
പൂക്കൾതൻ വർണ്ണവൈവിധ്യയവും
വഴിയോരമാധുര്യമായി

ദ്യുതിയായി പെയ്തിറങ്ങിയ മഴ
ജലകണങ്ങളായി വർഷിക്കവേ
വഴിയോരം അനുഗ്രഹമായി
കുളിർത്തെന്നലായി തഴുകി

**Akhina krishna- S2A**

# സർവ്വം സഹയായ അമ്മ

പ്രകൃതിയാം അമ്മക്ക് കാവലാ
വേണ്ടവർ നാം തന്നെയല്ലയോ പാരിൽ
എന്നിട്ടുമെന്തിനേ അമ്മയാം
ഭൂമിയെ കൊന്നു തിന്നു നീ
മനുഷ്യ...
മാമരം വെട്ടിയും, പുഴകളിൽ
നിന്നും മണൽ വാരിയൂറ്റിയും
വയലുകൾ നികത്തി വൻകെട്ടിടങ്ങൾ  പണുത്തും
കുന്നിടിച്ചു നീ ഭൂമിയാം അമ്മയുടെ മാറു
പിളർന്നിട്ടുമ്പോൾ മാനവാ നീ അറിയുന്നില്ല
കയറി ഇരിക്കുന്ന കൊമ്പാണ്
മുറിവെൽപ്പിച്ചത് ന്ന്
വിഷപു കചീറ്റുന്ന പ്ലാസ്റ്റിക്കെറിഞ്ഞും
നാം മണ്ണ്,വായു, ജലം മലിനമാക്കി കളയുന്നു
സർവ്വം സഹയായ ഭൂമിയാം
അമ്മയോ സംഹാരരുദ്രയായ്
ആഞ്ഞടിച്ചു.
പ്രളയമായ്, കാറ്റായ്,ഉരുൾപ്പൊട്ടലായ്
അവൾ  മനുഷ്യന്റെ
ചെയ്തിൽ  കണക്ക് തീർത്തു.

എന്നിട്ടും തീരാതെ പ്രകൃതി തൻ
ചൂഷണം ഇന്നും തുടരുന്നു
മാനവരും മഹാമാരിവന്നൊരീ
കാലത്തുപോലമോ
മനുഷ്യന്റെ  ആർത്തി
കുറഞ്ഞതില്ല
എന്നിനി..... എന്നിനി മാനാവാ
പകൃതി തൻ
രോദനം കേട്ടിടും നീ?

അനുഗ്രഹ മോഹൻ  6 D

# The Unknown one

2 year back in a village called Dehra there was a poor family a mother and two daughters, Priya and Pooja . They lived in mud house in the condition to collapse. The mother worked as a servent in a house. But mother had 3 children. Her son named Arun went from home .when he was at 10th it has been 10yrs till he gone . Their father were drug addicted and he would beat his sisters and mother, he didn't like that the mother loved her son more than the daughters..

One day, the mother come to home after work,pooja asked the mother "did you bring groceries ?" Mother replied that today I didnt get money to buy groceries suddenly somone knoked at the doors. Priya went to open the door.It was a sales man he requested them to buy something but they refused to buy because they didn't have money he didn't gave up asked them contentiously and he said it was a lie only profit the kind heart of the mother was forced to buy a pencil for her children but she told him he didn't have any money he said to the mother that she can give it tomorrow after saying these he went from there the daughters were so happy to get a pencil box when they opened the box they was shocked they called the mother and showed the box she also got shocked Inside the box they saw some money They thought buy mistakenly they kept some money. The next day another sales man came .They requested her to buy something but she refused but this time he told its ok ma'am , no need to give me money but she was not happy in that with no choice she bought some vegetables and when she opened that she saw some money she was shocked but she understood that someone was doing it purposely but then no one came to the house.

After one month someone knocked at the door again , at that time mother didnt reach home Priya opened the door. And she said he mother is not here so she dont want anything . She came she saw a box at the front of the box and opened the box was filled with money she was so surprised she happily went inside the house but they didnt know that the salesman was his son He didnt want them to know that it was his son with an unknowing secret the mother and daughter lived happily.

# കാർമേഘം

എൻ കാർമേഘമേ ...
ഈയുള്ളവൾ ഒരു കാര്യം
ചോദിക്കട്ടെയോ !??
ഈയുള്ള കാലമത്രയും
മഴയായി ഭൂമിയിൽ പതിഞ്ഞു വീണതെല്ലാം
നിൻ കണ്ണുനീർ തുള്ളികളാണോ!?അല്ലതോ
എൻ കാർമേഘമേ...
നിൻ മിഴികളിൽ നിന്ന്
ഉതിർന്നു വീണ
കണ്ണുനീർ തുള്ളികളെയാണോ
ഞങ്ങൾ മഴയെന്ന പേര് ചൊല്ലി വിളിക്കുന്നത്
ദുഃഖത്തിൽ തോണി നീ തുഴയുമ്പോൾ
ആളാണോ
നിൻ വെളുപ്പാം മേനി
കറുപ്പായി രൂപാന്തരപെടുന്നത്!?
നിൻ ദുഃഖം അണപൊട്ടി
വീഴുന്നന്നവളെയാണോ
ഞങ്ങൾ വർഷക്കാലമെന്ന്
വിശേഷിപ്പിക്കുന്നത്!?

# അയ്യോ സാറിപ്പോഴും...

അയ്യോ സാറിപ്പോഴും...
അതെ ഞാനിപ്പോഴും...
എട്ടിന്റെ ക്ലാസ്സ് ടീച്ചറായ്
സാറേ... എനിക്ക് നേവിയിൽ കിട്ടി
സാറേ ഞാൻ എൽ. ഡി.സി..
സാറേ എനിക്ക് കുട്ടികൾ ഉണ്ടായി
ഇപ്പോഴും സാർ....
ഉത്തരയായനവും ദക്ഷിണായവുമായി
സംഘകാലചരിത്രവുമായി...
ഞാൻ... എട്ടിലാണ്...
തോൽക്കുന്നുമില്ല... ജയിക്കുന്നുമില്ല...
എന്നെ കടന്നുപോകുന്നവർ
ഒത്തിരി... ഒത്തിരി മുകളിലായി
ഇത്രയേറെ സന്തോഷത്തോടെ
ജീവിക്കുവാൻ ആർക്കാവും
സ്വന്തമായുള്ള സങ്കടങ്ങൾ മറന്ന്
എന്റെ കുട്ടികൾ എല്ലാടത്തുമുണ്ട്...
എല്ലായിടത്തും... കടകളിൽ, ചന്തകളിൽ
എല്ലായിടത്തും... എവിടെ ഞാൻ
എത്തുമ്പോഴും... സാറേ...
ഇപ്പോഴും... പത്ത് കഴിഞ്ഞില്ലേ ?



-പ്രകാശൻ V R

# കൊഴിഞ്ഞ ദളങ്ങൾ

കരുതി വച്ചു, ഞാനെൻ മനോവാടിയിൽ
നി, എന്റെ ആദ്യത്തെ ,കുഞ്ഞു പൂവായി
നട്ടു നനച്ചു ഞാൻ ഏകി എൻ സർവ്വവും
വളരട്ടെ നീ എന്നോ...ളമെന്നാശിച്ചു

ഒരുനാൾ നീ എനിക്കേകും നിൻ നറുമണം
പ്രതീക്ഷിച്ചു സ്വപ്നവും നെയ്തു ഞാൻ ഇരിക്കവെ
നിനച്ചിരിക്കാതെ വന്നോരാ കുളിർ തെന്നൽ
എന്തോ മോഴിഞ്ഞുവോ നിന്റെ കാതിൽ

ഞാൻ നിനക്ക് ഏകിയൊരാ
നൽ വളങ്ങളും വെള്ളവും എൻ സ്നേഹ ശുശ്രൂഷയും
കാറ്റിൽ പറത്തി നീ എങ്ങോ മറഞ്ഞു
ഞാൻ ആശിച്ച തീരത്ത് എത്തിയില്ല

എന്തേ ഇതിങ്ങനെ സംഭവിച്ചെന്നോർത്ത്
വ്യാകുലപ്പെട്ടു ഞാൻ ഇരുന്ന നേരം
ഒന്നു ഞാൻ അറിഞ്ഞു
പോരാ നൽ വളങ്ങളും വെള്ളവും എൻ സ്നേഹവും
ശുശ്രൂഷയും

വേണം നിനക്കു ഞാനേകാത്ത സാന്ത്വനം
നിന്നെ അറിയണം നിൻ മനസ്സും
കുഞ്ഞേ നിന്നെ അറിയണം നിൻ മനസ്സും

- ഹിലാറോസ് തോമസ്

# LITTLE KITES

## GHSS MEENANGADI




# നന്ദി